# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുങ്കുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.റ്റി.എം. പി5-91/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 03/02/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുങ്കുന്നം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.റ്റി.എം. പി5-91/2023 തീയ്യതി: 03/02/2023

## കോട്ടയം ജില്ലയിലെ നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലേഖ.വി, ഓഡിറ്റ് ഓഫീസർ

ശ്രീമതി സുധാ ജേക്കബ് , ഓഡിറ്റ് ഓഫീസർ

ശ്രീ രഞ്ജിത് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ എമിൽ റ്റി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീന നൗഷാദ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സജിത്ത്.റ്റി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സത്മ. എംസി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.മായാ ജെയിംസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. കെ ബീന | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-05-2021 |
| ശ്രീമതി.സാറാമ്മ തോമസ് | ഹെഡ് മിസ്ട്രസ്സ് | 01-06-2021 | 09-12-2021 |
| ശ്രീമതി.സോണിയ ഫിലിപ്പ് | ഹെഡ് മിസ്ട്രസ്സ് | 10-12-2021 | 31-03-2022 |
| ശ്രീമതി.അമിതാമോൾ.പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ.അഞ്ജന എൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. രാജേഷ് എബ്രഹാം | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2021 | 31-03-2022 |
| ശ്രീമതി ലൈലാമോൾ വർഗീസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഹസീന അഹമ്മദ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി രാജേശ്വരി | ഐസിഡിഎസ് സൂപ്പർവൈസർ | 15-04-2021 | 03-11-2021 |
| ശ്രീമതി ചിന്തു റ്റി കുട്ടപ്പൻ | ഐസിഡിഎസ് സൂപ്പർവൈസർ | 04-11-2021 | 31-03-2022 |
| ശ്രീമതി അഞ്ജന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 19-04-2021 |
| ശ്രീമതി ദിവ്യാമോൾ ആർ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 20-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണസംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വസ്തുനികുതിയിനത്തിൽ 693091 രൂപ നിലവിലും കുടിശ്ശിക | 1-11 |
| 12 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 13 | മൊബൈൽ ടവറിന്റെ വസ്തുനികുതി - 274050 രൂപ കുടിശ്ശിക | 1-13 |
| 14 | GI പോൾ സ്ഥാപിക്കൽ - റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ് , വാടക എന്നിവ ഈടാക്കിയില്ല- 30165 രൂപ നഷ്ടം . | 1-14 |
| 15 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ | 1-15 |
| 16 | ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി വായ്പ എടുക്കാതെ വായ്പാ തുക സ്രോതസ്സിൽ കുറവ് ചെയ്തിരിക്കുന്നു | 1-16 |
| 17 | മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു | 1-17 |
| 18 | കന്നുകുട്ടിപരിപാലനം -വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-18 |
| 19 | ലൈഫ് ഭവന പദ്ധതി -ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-19 |
| 20 | പി.എം.എ.വൈ പദ്ധതി -ഭവന നിർമ്മാണം. | 1-20 |
| 21 | റോഡ് മെയിന്റനൻസ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റി.യും തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു | 1-21 |
| 22 | അഗതിരഹിത കേരളം പദ്ധതി നിശ്ചലാവസ്ഥയിൽ | 1-22 |
| 23 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം- പ്രവർത്തനസജ്ജമായിട്ടില്ല- | 1-23 |
| 24 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-24(എ) |

| | | |
|---|---|---|
| 25 | ഹോമിയോ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല | 1-24(ബി) |
| 26 | നിക്ഷേപ പ്രവൃത്തികൾ- വിനിയോഗവിവരം ലഭ്യമായിട്ടില്ല | 1-25 |
| 27 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പൊതുഅപാകതകൾ | 1-26 |
| 28 | തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്ക് അനുവദിക്കുന്നു | 1-27 |
| 29 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിയില്ല | 1-28 |
| | ഭാഗം **2** | |
| 1 | GI പോൾ സ്ഥാപിക്കൽ - റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ് , വാടക എന്നിവ ഈടാക്കിയില്ല- 30165 രൂപ നഷ്ടം . | 2-1 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്-വിശകലനം

2021-22 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 23/02/2021 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 28/02/2022 ലെ 2/1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 474917 | 32512064 |
| വരവ് | 168535600 | 80437900 |
| ആകെ | 169010517 | 112949964 |
| ചെലവ് | 162296050 | 81809437 |
| നീക്കിയിരിപ്പ് | 6714467 | 31140527 |

ബജറ്റ് പ്രകാരം 16.90 കോടി രൂപയുടെ പ്രതീക്ഷിത വരവും 16.22 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 14.24 കോടി രൂപയും ചെലവ് 14.38 കോടി രൂപയുമാണ്. മുൻ വർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലമാണ് യഥാർത്ഥ കണക്കുകളും ബജറ്റ് പ്രതീക്ഷിത കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ടായത്. മുന്നിരിപ്പ്-നീക്കിയിരിപ്പ് ബജറ്റിൽ കണക്കാക്കിയതും വലിയ അന്തരത്തിലാണെന്ന് കാണുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 142441122 രൂപയും ചെലവ് 143801531 രൂപയും തൻവർഷ പ്രവർത്തന നഷ്ടം 1360409 രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 74812241/- രൂപയും ബാധ്യതകളുടെ മൂല്യം 56039273/- രൂപയും ജനറൽ ഫണ്ട് 18772968/- രൂപയുമാണ്. 2021-22 ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1) 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2) വാർഷിക കണക്ക് B-12 ഷെഡ്യൂൾ പ്രകാരം വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപമായി സൂചിപ്പിച്ചിരിക്കുന്ന തുകയും ഓഫീസിലെ രജിസ്റ്റർ/ FD സർട്ടിഫിക്കറ്റ് എന്നിവയിലെ തുകയും തമ്മിൽ 2904 രൂപയുടെ വ്യത്യാസം ഉണ്ട് ( വിശദ വിവരം ഖണ്ഡിക 4-6 ൽ ഉൾപ്പെടുത്തിയിട്ടുണ്ട് )

3) തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

4)റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

5) Grant, Funds & Contributions For Specific Purposes – Other Than Development Fund (

കോഡ്-320200399 ) എന്ന ഹെഡിൽ 975354/- രൂപ അവശേഷിക്കുന്നു. എന്നാൽ ആയത് പൂർണ്ണമായും ചെലവഴിച്ച തുകയാണ് . വാർഷിക കണക്കിൽ നിന്ന് പ്രസ്തുത തുക ഒഴിവാക്കേണ്ടതാണ് .

6) .B4 ഷെഡ്യൂളിൽ ഉൾപ്പെട്ട Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayat എന്ന ഹെഡിൽ 464029 രൂപ അവശേഷിക്കുന്നുണ്ടെങ്കിലും ആയത് ഏതു വർഷം ലഭിച്ചെന്നോ ഏതാവശ്യത്തിനായി ലഭിച്ചതാണെന്നോ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായില്ല.

7) നിക്ഷേപ പ്രവൃത്തികൾക്ക് കേരള വാട്ടർ അതോറിറ്റിയിൽ തൻവർഷം 1346128 രൂപ (162/22-278100 രൂപ , 171/22 -1068028 രൂപ ) നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചതിന്റെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. മറിച്ച് വാർഷിക കണക്കിൽ (RP-49 ) 1068028 രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് നൽകിയതായി തെറ്റായി സൂചിപ്പിച്ചിട്ടുണ്ട് .

8) സംയുക്ത പ്രോജക്റ്റിനായി ലഭിച്ച ചെലവ് പത്രികയിലെ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും വാർഷിക കണക്കിലെ ബ്ലോക്ക് വിഹിതം തുകയും തമ്മിലുള്ള 7241 രൂപയുടെ വ്യത്യാസം വിശദീകരിച്ചില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32512064 |
| ഓഡിറ്റ് വർഷത്തെ വരവ് | 80437900 |
| ആകെ | 112949964 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 81809437 |
| നീക്കിയിരിപ്പ് | 31140527 |
| വരവിനങ്ങളിലുള്ള നഷ്ടം | 30165 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1465182 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12863125 | 12863125 | 12316478 | 546647 | 96 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5927700 | 5927700 | 5095000 | 832700 | 86 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 22032 | 22032 | 0 | 22032 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8397939 | 8397939 | 8328445 | 69494 | 99 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5612035 | 5612035 | 3864669 | 1747366 | 69 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 2456006 | 2456006 | 2351824 | 104182 | 96 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 0 | 5603056 | 5603056 | 4971229 | 631827 | 89 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 43812 | 21598437 | 21642249 | 21638328 | 3921 | |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 88143 | 451956 | 540099 | 532193 | 7906 | |
| ശുചിത്വമിഷൻ ഗ്രാന്റ് | 4110 | 0 | 4110 | 0 | 4110 | |

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വികസനഫണ്ട് പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 2903860/-രൂപ, 332874/- രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല.

ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

- 31/03/2021 ലെ സ.ഉ.(സാധാ) നം. 2617/2022/ധന. ഉത്തരവ് പ്രകാരം വികസനഫണ്ട് പൊതുവിഭാഗം, റ്റി എസ് പി, മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്), മെയിന്റനൻസ് ഗ്രാന്റ് (റോഡ്) എന്നീ ഇനങ്ങളിൽ യഥാക്രമം 451125 രൂപ, 22032 രൂപ, 20345 രൂപ, 5939 രൂപ വീതം അലോട്ട്മെന്റ് ഉണ്ടായിരുന്നു. എന്നാൽ അലോട്ട് ചെയ്ത തുക യഥാർത്ഥത്തിൽ പഞ്ചായത്തിൽ വരവായി ലഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത തുക പഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. (ഇത് ഉൾപ്പെടെയാണ് മേൽ പട്ടിക തയ്യാറാക്കിയിരിക്കുന്നത്).

വികസന ഫണ്ട്, കേന്ദ്ര-സംസ്ഥാന വിഹിതം എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് (ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ, വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

2021-22 വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 25.03.2022ലെ 81898/21/ഡി.പി.സി/ ഡി.പി.ഒ/കോട്ടയം ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു. 2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണ സമിതി യോഗം | 17.2.21,6.1.22 |
| പദ്ധതി രൂപീകരണഗ്രാമസഭ | 31.1.21,8.2.21 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 12.1.22മുതൽ16.1.22 |
| പ്രൊക്യൂർമെന്റ് കമ്മിറ്റിയോഗം | 5.11.21,30.3.22 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 30.1.21 |
| വികസനസെമിനാർ | 17.2.21 |
| ഊരുകൂട്ട യോഗം | 29.1.21,17.11.21 |

2021-22 വാർഷിക പദ്ധതിയുടെ അടങ്കൽ 10,30,13,580/- രൂപയും, ആകെ ചെലവ് 5,72,68,662/- രൂപയുമാണ്. പദ്ധതി അടങ്കലായി വകയിരുത്തിയ തുകയുടെ 55.59% ചെലവഴിച്ചിട്ടുള്ളത്. വിവിധ

നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 1753756 | 1471638 | 83.9 |
| വെറ്ററിനറി സർജൻ | 6 | 6 | 4136720 | 4136720 | 100 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 5 | 5 | 2056690 | 1345635 | 65.42 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 700000 | 700000 | 100 |
| വി.ഇ.ഒ | 23 | 19 | 49092952 | 20972804 | 42.72 |
| സെക്രട്ടറി | 31 | 25 | 20970550 | 8301940 | 39.58 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 4 | 4459190 | 3308583 | 74.19 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 59 | 58 | 12832722 | 11386198 | 88.72 |
| ഹെഡ്മാസ്റ്റർ | 4 | 4 | 890000 | 825000 | 92.69 |
| ഡയറി ഫാം ഇൻസ്പെക്ടർ | 4 | 4 | 2350000 | 1800000 | 76.59 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 2 | 3771000 | 3020144 | 80.08 |
| ആകെ | 153 | 136 | 103013580 | 57268662 | 55.59 |

സെക്രട്ടറി (39.58), വി.ഇ.ഒ (42.72) എന്നീ നിർവ്വഹണോദ്യോഗസ്ഥർക്ക് 50 ശതമാനത്തിൽ താഴെ പദ്ധതി വിഹിതം ചെലവഴിയ്ക്കാൻ സാധിച്ചിട്ടുള്ളൂ. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ 80% അധികവും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളായിരുന്നു.

വിനിയോഗലക്ഷ്യം കൈവരിച്ചില്ല – 27ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല.

അംഗീകാരം കിട്ടിയ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതും നടപ്പാക്കിയവയുടെ കാര്യത്തിൽ സമയക്ലിപ്തത പാലിക്കാതിരുന്നതിനാൽ ബില്ലുകൾ പാസ്സാകാതിരുന്നതും മൂലം 2718798/- രൂപയുടെ പദ്ധതിത്തുക ചെലവഴിക്കാനാകാതെ സ്ഥാപനത്തിന് നഷ്ടമാവുകയാണുണ്ടായത്. ഇപ്രകാരം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട്-ജനറൽ | 95522 |
| എസ് സിപി | 832700 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 1727021 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 63555 |
| ആകെ | 2718798 |

31/03/2021ലെ സ.ഉ.(സാധാ) നം.2617/2022/ധന. ഉത്തരവ് പ്രകാരം വികസനഫണ്ട് പൊതുവിഭാഗം, റ്റി എസ് പി, മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്), മെയിന്റനൻസ് ഗ്രാന്റ് (റോഡ്) എന്നീ ഇനങ്ങളിൽ യഥാക്രമം 451125 രൂപ, 22032 രൂപ, 20345 രൂപ, 5939 രൂപ വീതം അലോട്ട്മെന്റ് ഉണ്ടായിരുന്നു.

എന്നാൽ അലോട്ട് ചെയ്ത തുക യഥാർത്ഥത്തിൽ പഞ്ചായത്തിൽ വരവായി ലഭിച്ചിട്ടില്ല. ഇത് ഒഴിവാക്കിയാണ് മേൽ പട്ടിക തയ്യാറാക്കിയിരിക്കുന്നത്.

ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി യോഗം ചേർന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസിക്ക് പ്രോജക്ട് പ്രകാരം തുക കൈമാറിയിരുന്നുവെങ്കിലും പ്രോജക്ടുകൾ നിലവിലും നടപ്പാക്കാതെ പ്രോജക്ട് തുക നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നതായിട്ടാണ് കാണുന്നത്. 2014-15 വർഷം കൊഴുങ്ങാലൂർ ചിറ മിനി വാട്ടർസപ്ലൈ സ്കീം എന്ന പ്രോജക്ടിലുൾപ്പെടുത്തി 11 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നുവെങ്കിലും ജലനിധി പദ്ധതി നടപ്പിലാക്കിയതിനാൽ ടി പ്രോജക്ട് നടപ്പിലാക്കാൻ സാധിച്ചില്ല. ടി തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ വാങ്ങി ജലജീവൻമിഷൻ പദ്ധതിയ്ക്കായി ട്രീറ്റ്മെന്റ് പ്ലാന്റും, ടാങ്കിനുമായി സ്ഥലം വാങ്ങാൻ ഉപയോഗിക്കുന്നതിന് സർക്കാർ അനുമതിയായ (സ.ഉ(സാധാ)നം.579/2022/LSGD തീയതി 10.3.22) സാഹചര്യത്തിൽ 11 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 120 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർ ബജറ്റ് പ്രകാരം 275 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 275 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 58 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 51356 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 812 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവൃത്തി, തോട് ആഴം കൂട്ടൽ, തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. വാർഷിക കണക്ക് പ്രകാരമുള്ള തുകകൾ കാഷ് ബുക്ക് പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. ക്യാഷ് ബുക്ക് പ്രകാരമുള്ള 2021-22 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | 43812 | |
| വരവ് | ഇ എഫ് എം എസ് വരവ് | 19188498 | 21598437 |
| | ഓൺഫണ്ടിൽ നിന്നുള്ള ലോൺ | 1098253 | |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ ) | 1311686 | |
| ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | | | 21642249 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 14830790 | 21638328 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 1118288 | |
| | ഉപകരണങ്ങളുടെ വില, വാടക | 3239420 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ്ജ് | 1098253 | |

| | | |
|---|---|---|
| | ഉൾപ്പെടെ) | |
| | ഓൺഫണ്ടിലേക്കുള്ള ലോൺ തിരിച്ചടവ് | 1351577 |
| നീക്കിയിരിപ്പ് | | 3921 |

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 27000 | 13 |
| വാർദ്ധക്യകാല പെൻഷൻ | 27763700 | 1555 |
| കർഷക തൊഴിലാളി പെൻഷൻ | 2786300 | 172 |
| വിധവ പെൻഷൻ | 12787900 | 785 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 810400 | 49 |
| വികലാംഗ പെൻഷൻ | 3266000 | 192 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 05/01/2023-ന് 03.00 PM സമയത്ത് ഓഫീസ് മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 6086/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വിവിധ നികുതിവരവുകളുടെ ഡിസിബി കണക്കാക്കി സൂക്ഷിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഫർണീച്ചർ/ഇലക്ട്രോണിക്സ് ഉപകരണങ്ങൾ/തെരുവുവിളക്കുകൾ എന്നിവ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച നമ്പർ, തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25/07/22 മുതൽ 26/07/22 വരെ | 1/22 മുതൽ 3/22 വരെ | A1/100 /PAU/02/SS തീയതി- 25.05.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05/04/2018 | 2014-15 മുതൽ 2017-18 വരെ | LBHQ 11/1/8A-109/2018/19/231 തീയതി 07.06.2018 |

1-11 വസ്തുനികുതിയിനത്തിൽ 693091 രൂപ നിലവിലും കുടിശ്ശിക

വസ്തുനികുതിയിനത്തിൽ 31.03.2022-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക (ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|---|
| 431100101 | റെസിഡെൻഷ്യൽ (കറണ്ട്) | 282120 |
| 431100102 | റെസിഡെൻഷ്യൽ (അരിയർ) | 100564 |
| 431100103 | നോൺ റെസിഡെൻഷ്യൽ (കറണ്ട്) | 217483 |
| 431100104 | നോൺ റെസിഡെൻഷ്യൽ (അരിയർ) | 254431 |
| ആകെ | | 854598 |

വസ്തുനികുതിയിലെ കുടിശിക പൂർണ്ണമായും പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.05/10.01.2023) 161507 രൂപ 11/01/23 വരെ പിരിച്ചെടുത്തിട്ടുണ്ടെന്നും ബാക്കി കുടിശികയായ 693091 രൂപ ഈടാക്കാൻ ക്യാമ്പ് കളക്ഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും മറുപടി നൽകി. നികുതിപിരിവ് ഊർജിതമാക്കാനുള്ള ശ്രമം നടത്തേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (l) (li) (lii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരു വ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു .

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | പുതിയപറമ്പിൽ എന്റർപ്രൈസസ് | ഒന്ന് |
| 2 | റോബിൻ ഗ്രാനൈറ്റ്സ് | ഒന്ന് |

| | | |
|---|---|---|
| 3 | പിജിഎം കോളേജ് | ഒന്ന് ,രണ്ട് |
| 4 | ആവേ മരിയ എഞ്ചിനീയറിംഗ് വർക്സ്, മാഞ്ഞൂരുത്തി | ഒന്ന് ,രണ്ട് |

കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾ, റേഷൻ കടകൾ, കരാറുകാർ തുടങ്ങിയവയേയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.04/10.01.2023) മറുപടിയിൽ മേൽ സൂചിപ്പിച്ച എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 204,205 വകുപ്പുകൾ, കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾ/ട്രേഡേഴ്സ്/ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2021-22 വർഷത്തെ തൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

1-13 മൊബൈൽ ടവറിന്റെ വസ്തുനികുതി - 274050 രൂപ കുടിശ്ശിക

പഞ്ചായത്ത് പരിധിയിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള താഴെപറയുന്ന മൊബൈൽ ടവറിന്റെ നികുതി കുടിശ്ശിക ഈടാക്കാൻ ഉള്ളതായി കാണുന്നു . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് കെട്ടിട നം. | ടവർ സ്ഥാപിച്ച കമ്പനിയുടെ പേര് | കുടിശ്ശിക | തുക |
|---|---|---|---|---|
| 1 | 12/186/A | ജി റ്റി എൽ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | 2013-14 മുതൽ 2021-22 വരെ | 274050 |

വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.05/10.01.2023) മറുപടിയിൽ നികുതി കുടിശ്ശിക ഈടാക്കാൻ ആർ ആർ നടപടികൾ അടക്കം സ്വീകരിച്ചു വരുന്നു എന്ന് മറുപടി നൽകി. മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 GI പോൾ സ്ഥാപിക്കൽ - റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ് , വാടക എന്നിവ ഈടാക്കിയില്ല- 30165 രൂപ നഷ്ടം .

ജിയോ ഡിജിറ്റൽ ഫൈബർ പ്രൈ. ലിമിറ്റഡിന്റെ 07-01-22 ലെ കത്തിലെ (RJIL/OFC/ROW/KL/ NLD/C-19/LM//Kottayam/Nedumkunnam/817) അപേക്ഷയനുസരിച്ച് മാഞ്ഞൂരുത്തി-CSI ചർച്ച് റോഡിന്റെ ഇടത് വശത്ത് കൂടി 450മീറ്റർ നീളം, 1.65 മീറ്റർ ആഴത്തിലും 0.30 മീറ്റർ വീതിയിലും ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് അനുമതി തേടിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ PWD Roads ചീഫ് എഞ്ചിനീയറുടെ 30/03/2019 ലെ CE/R&B/GL-RC/2/2019 നം. സർക്കുലർ പ്രകാരം പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തുക 1108372 രൂപ നിശ്ചയിച്ച് നൽകുകയും പ്രസ്തുത തുക ടി സ്ഥാപനം ഒടുക്കു വരുത്തുകയും ചെയ്തു .

ഓഡിറ്റ് വേളയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ 9 GI പോൾ കൂടി പ്രസ്തുത പാതയിൽ ഇരുവശത്തുമായി നിയമാനുസൃത ഫീസ് ഒടുക്കാതെ സ്ഥാപിച്ചതായി കാണാൻ കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ്, വാടക (GO(Rt)89/2020/ PWD/23.1.20 എന്ന ഉത്തരവ് പ്രകാരം) എന്നിവ പഞ്ചായത്തിന് ലഭിക്കേണ്ടതായിരുന്നു. പഞ്ചായത്തിന് ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| | |
|---|---|
| കട്ട് ചെയ്ത റോഡിന്റെ ഇനം | കോൺക്രീറ്റ് റോഡ് |

| | |
|---|---|
| കട്ട് ചെയ്ത ഒരു Pit ന്റെ നീളം | .60 M |
| കട്ട് ചെയ്ത ഒരു Pit ന്റെ വീതി | .60 M |
| ആകെ Pits ന്റെ എണ്ണം (9 പോളുകൾ ) | 9 |
| റെസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിനുള്ള ഒരു Pit ന്റെ വിസ്തീർണ്ണം | .60*.60*1.5 = .54 $M^2$ (റസ്റ്റോറേഷൻ വിഡ്ത് ട്രഞ്ച് വിഡ്തിന്റെ 1.5 മടങ്ങായിരിക്കണം എന്ന് മേൽ സർക്കുലറിൽ സൂചിപ്പിച്ചിട്ടുണ്ട് ) |
| റെസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിനുള്ള ആകെ Pit ന്റെ വിസ്തീർണ്ണം | .54 * 9 = 4.86 $M^2$ |
| കോൺക്രീറ്റ് റോഡിന്റെ റെസ്റ്റോറേഷൻ ചാർജ്ജ് | 5473.44 / $M^2$ |
| ആകെ Pits ന്റെ റെസ്റ്റോറേഷൻ ചാർജ്ജ് | 5473.44 * 4.86 = 26601 രൂപ<br>[ റെസ്റ്റോറേഷൻ ചാർജ്ജ് - 22543<br>CGST-2029<br>SGST- 2029 ] |
| പോളുകൾ സ്ഥാപിക്കുന്നതിനുള്ള വാർഷിക വാടക | 360 / Each |
| പോളിന്റെ വാർഷിക വാടക | 360 * 9 = 3240 / Year |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | 324 ( വാടകയുടെ 10% ) |

മേൽ സൂചിപ്പിച്ച കണക്കുകൾ എഞ്ചിനീയറിഗ് വിഭാഗത്തിന്റെ സഹായത്തോടെ ഉറപ്പ് വരുത്തി റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ് , വാടക , സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിലായി ലഭിക്കേണ്ട തുക ഈടാക്കാൻ നടപടി സ്വീകരിക്കണം എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 03/10.01.23) മേൽ സൂചിപ്പിച്ച കണക്കുകൾ പരിശോധിച്ച് ഉറപ്പ് വരുത്തി തുക ഈടാക്കാൻ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകി .റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ് , വാടക , സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിലായി ലഭിക്കേണ്ട ആകെ തുകയായ 30165 രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

## 1-15 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ

### 1. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സാധ്യത നിലനില്ക്കുന്നു

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2022 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1358 (78 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ കേവലം 336 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ബാക്കി കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട് എന്ന കാര്യം ഇതിൽ നിന്ന് വ്യക്തമാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്.

ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു :

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

3.ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് കള്ള് ഷാപ്പുകൾ പ്രവർത്തിക്കുന്നു:

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

4.ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു :

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 132 പ്രകാരം ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

5.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് അപൂർണ്ണം

2021-22 ൽ ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം എല്ലാ വാർഡുകളിലുമായി 316 സ്ഥാപനങ്ങളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 336 സ്ഥാനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ആയതിൽ നിന്നും ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചില്ലയെന്ന് ബോധ്യമാകുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് .

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം - 10/11.01.23) എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും മറുപടി നൽകി. പരാമർശത്തിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ ഇതിൽ ഉണ്ടാവേണ്ടതാണ്.

1-16 ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി വായ്പ എടുക്കാതെ വായ്പാ തുക സ്രോതസ്സിൽ കുറവ് ചെയ്തിരിക്കുന്നു

നെടുംകുന്നം ഗ്രാമപഞ്ചായത്ത് നാളിതുവരെ ലൈഫ് മിഷൻ ഭവനപദ്ധതി വഴി പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി ഭവനനിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും വായ്പ എടുത്തിട്ടില്ല. എന്നാൽ 2020-21, 2021-22, 2022-23 വർഷങ്ങളിൽ വികസന ഫണ്ട് -എസ്.സി.പി, റ്റി.എസ്.പി എന്നിവ അനുവദിച്ചപ്പോൾ വായ്പാ തിരിച്ചടവ് ഇനത്തിൽ തുക സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. മാത്രമല്ല കുറവ് ചെയ്ത തുക ഒരു വായ്പ തിരിച്ചടവിന്റേയും (ജനറൽ വിഭാഗക്കാർക്കായി ഭവനനിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്) ഭാഗം

ആക്കിയിട്ടുമില്ല. വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം | അലോട്ട്മെന്റ് ഉത്തരവ് നമ്പർ | എസ്.സി.പി ഫണ്ടിൽ നിന്നും കുറവ് ചെയ്ത തുക | റ്റി.എസ്.പി ഫണ്ടിൽ നിന്നും കുറവ് ചെയ്ത തുക |
|---|---|---|---|
| 1 | സ.ഉ(സാധാ)നം. 4461/2020/ധന, തീയതി-03.08.20 | 117333 | 14667 |
| 2 | സ.ഉ(സാധാ)നം. 43/2020/ധന, തീയതി-01.01.21 | 117334 | 14666 |
| 3 | സ.ഉ(സാധാ)നം. 3367/2021/ധന, തീയതി-07.04.21 | 117333 | |
| 4 | സ.ഉ(സാധാ)നം. 5206/2021/ധന, തീയതി-30.07.21 | 88000 | |
| 5 | സ.ഉ(സാധാ)നം. 22/2022/ധന, തീയതി-01.01.22 | 127541 | |
| 6 | സ.ഉ(സാധാ)നം. 6872/2022/ധന, തീയതി-12.10.22 | 206931 | |
| ആകെ | | 774472 | 29333 |
| എസ്.സി.പി, റ്റി.എസ്.പി ഫണ്ടുകളിൽ നിന്നും ആകെ കുറവ് ചെയ്ത തുക | | 803805 | |

വായ്പയെടുക്കാതെ വായ്പാ തിരിച്ചടവിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും തുക സ്രോതസ്സിൽ കുറവ് ചെയ്തതിന്റെ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കുറവ് ചെയ്ത തുക കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.11/11.01.2023) നൽകിയതിന് മറുപടിയായി എസ്.സി.പി, റ്റി.എസ്.പി വിഹിതത്തിൽ നിന്നും കുറവ് ചെയ്ത തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിലേയ്ക്കായി അടിയന്തിര പ്രാധാന്യത്തോടെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. 2020-21, 2021-22, 2022-23 വർഷങ്ങളിൽ എസ്.സി.പി, റ്റി.എസ്.പി. ഫണ്ടുകളിൽ നിന്നും സ്രോതസിൽ കുറവ് ചെയ്ത 803805/- രൂപ ജനറൽ വിഭാഗക്കാർക്ക് ഭവനനിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും എടുത്ത വായ്പ തിരിച്ചടവിൽ ക്രമീകരിക്കുകയോ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുകയോ ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു

നെടുംകുന്നം ഗ്രാമ പഞ്ചായത്തിലെ 2021-22 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | മറിയാമ്മ | വിധവ പെൻഷൻ | 105640600720 | 12/12/21 | 24/12/21 | 01/2022 മുതൽ 11/22 വരെ | 17600 (1600*11 ) |
| 2. | ചെല്ലമ്മ | കർഷക തൊഴിലാളി പെൻഷൻ | 105640100053 | 08/03/21 | 08/11/21 | 04/2021 മുതൽ 11/22 വരെ | 32000 (1600*20 ) |
| 3 | സി.എൻ. ഇസ്മായിൽ | കർഷക തൊഴിലാളി പെൻഷൻ | 105640100276 | 25/11/21 | 01/12/21 | 01/2022 മുതൽ 11/22 വരെ | 17600 (1600*11 ) |
| 4 | തങ്കമ്മ കെ വി | വിധവ പെൻഷൻ | 105640600301 | 25/10/21 | 01/12/21 | 11/2021 മുതൽ 11/22 വരെ | 20800 (1600*13 ) |
| 5 | ജോസ് ജോർജ്ജ് | വാർദ്ധക്യകാല പെൻഷൻ | 105640201280 | 20/09/21 | 07/10/21 | 10/2021 മുതൽ 11/22 വരെ | 22400 (1600*14 ) |

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്കിലേക്കയക്കുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല. ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ നെടുംകുന്നം ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം - 09/ 10.01.23) പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതായും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതുമാണ് .

## 1-18 കന്നുകുട്ടിപരിപാലനം -വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പ്രോജക്ടിൽ 4 മുതൽ 6 മാസം വരെ പ്രായമായ കിടാരികൾക്ക് ഒന്നര വയസ്സുവരെ ആവശ്യമായ കാലിത്തീറ്റ സബ്സിഡി നിരക്കിൽ നല്കുന്നതിന് വേണ്ടിയുള്ളതാണ് ഈ പ്രോജക്ട്. 2021-22 വർഷം നടപ്പാക്കിയ കന്നുകുട്ടി പരിപാലനം

(പ്രോജക്ട് നം. 26/2022) എന്ന പ്രോജക്ടിന്റെ ഭാഗമായി വികസനഫണ്ട് 7,50,000/- രൂപ (വികസനഫണ്ട് -7.5 ലക്ഷം + ഗുണഭോക്തൃവിഹിതം -7.5 ലക്ഷം) ബിൽ നം.9/2021-22 /05.02.2022 പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന് നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പ്ലാൻ ഫണ്ടിൽ നിന്നുള്ള ചെലവ് തുക 7.5 ലക്ഷം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പ്രസ്തുത പ്രോജക്ട് മോണിട്ടർ ചെയ്യേണ്ടതും കാലിത്തീറ്റ വിതരണം ചെയ്യുന്ന ക്ഷീര സംഘത്തിൽ നിന്നുള്ള ചെലവിന്റെ കൃത്യത പഞ്ചായത്ത് തലത്തിൽ പരിശോധിക്കേണ്ടതുമാണ്.

## 1-19 ലൈഫ് ഭവന പദ്ധതി -ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ട താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | തുക കൈപ്പറ്റിയ തിയതി | തുക |
|---|---|---|
| ജിനീഷ് റ്റി. | 25.09.20<br>30.1020 | 40000<br>160000 |
| മായാദേവി കെ.ആർ | 18.12.20 | 40000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/10.01.2023) മേൽ പരാമർശിത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്നും രണ്ടു തവണ രജിസ്റ്റേർഡ് കത്ത് അയച്ചിട്ടും വിവരങ്ങൾ ഒന്നും ലഭിച്ചിട്ടില്ല എന്നുമുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. ഭവനനിർമ്മാണം തുടങ്ങാത്ത സാഹചര്യത്തിൽ ടി വ്യക്തികളിൽ നിന്നും കൈപ്പറ്റിയ തുക അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 പി.എം.എ.വൈ പദ്ധതി -ഭവന നിർമ്മാണം.

പി.എം.എ.വൈ- ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി വി.ഇ.ഒ വാഴൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് 70000/-രൂപ നൽകിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 154/22 |
| പ്രോജക്ട് | പി.എം.എ.വൈ-ജനറൽ |
| അടങ്കൽ | 70000 |
| ചെലവ് | 70000 |

ബിൽ നമ്പർ 56/21-22 തീയതി 23.02.22 പ്രകാരം ടി പദ്ധതിയുടെ ഭാഗമായി വി.ഇ.ഒ.,വാഴൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് 70000 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചത് സംബന്ധിച്ച് വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ ചെലവഴിച്ച 70000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 റോഡ് മെയിന്റനൻസ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റി.യും തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു

2021-22 വർഷം നെടുംകുന്നം ഗ്രാമപഞ്ചായത്തിൽ മെയിന്റനൻസ് ഫണ്ട് (റോഡ്) വിനിയോഗിച്ച് അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പെരുമാത്ര-സഞ്ജീവനിറോഡ് പുനരുദ്ധാരണം (പ്രോജക്ട് നം. S00138/22) വാർഡ് 12 എന്ന പ്രവൃത്തിയുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റി.യും സെയിൽ ഓഫ് എംപ്റ്റീസ് ആന്റ് വേസ്റ്റ് മെറ്റീരിയൽസ് എന്ന ഹെഡിൽ (RP5-150120102) തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇപ്രകാരം റിക്കവർ ചെയ്ത

3372/- രൂപ അതാതു ഹെഡുകളിലേയ്ക്ക് തിരികെ അടവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 2/7.1.23) മറുപടിയായി ടി തുക അതാതു ഹെഡുകളിലേയ്ക്ക് തിരികെ അടയ്ക്കാനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ടി തുക അതാതു ഹെഡുകളിലേയ്ക്ക് തിരികെ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 അഗതിരഹിത കേരളം പദ്ധതി നിശ്ചലാവസ്ഥയിൽ

ഗ്രാമപഞ്ചായത്തിൽ അഗതിരഹിതകേരളം പദ്ധതി ആരംഭിച്ചത് 2019ലാണ്. 1,03,05,730 രൂപ വകയിരുത്തി 109 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതിനുവേണ്ടി നടപ്പാക്കിയ പദ്ധതിയാണിത്. എസ്.ബി.ഐ.നെടുംകുന്നം ശാഖയിലാരംഭിച്ച അക്കൗണ്ടിലേയ്ക്ക് (A/C No.38702028400) 6.8.20ൽ 1106100 രൂപ ചലഞ്ച് ഫണ്ടിനത്തിൽ ലഭിച്ചിട്ടുണ്ട്. 2021-22 വർഷം രണ്ട് ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് തുക അനുവദിക്കുകയും, ഭക്ഷണ വിതരണത്തിന് തുക അനുവദിക്കുകയും മാത്രമാണ് ചെയ്തിട്ടുള്ളത്. പ്രതിമാസം ഭക്ഷണവിതരണത്തിനായി 75000/- രൂപയോളം ചെലവ് വരുന്നുണ്ട്. ജൂൺ 2022 വരെ മാത്രമാണ് ഭക്ഷണവിതരണം നടത്തിയിട്ടുള്ളത്. നിലവിൽ (25.12.22) അക്കൗണ്ടിൽ 1370577.74 രൂപ നീക്കിയിരുപ്പുണ്ട്. ചലഞ്ച് ഫണ്ട് രണ്ടാം ഗഡു ജില്ലാമിഷനിൽ നിന്നും ലഭിച്ചിട്ടില്ല. തൻവർഷം ആശ്രയ പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് 400,000 രൂപ വകയിരുത്തിയിരുന്നെങ്കിലും തുക സി.ഡി.എസിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടില്ല.

ആശ്രയ പദ്ധതിയ്ക്ക് തുക വകയിരുത്തിയില്ലെങ്കിൽ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകില്ലായെന്നുള്ളത് ആശ്രയ പദ്ധതിയ്ക്ക് സർക്കാർ നൽകുന്ന പ്രാധാന്യത്തിന്റെ തെളിവാണ്. വാർഷിക പദ്ധതിയിൽ ആശ്രയ പദ്ധതിയ്ക്ക് തുക വകയിരുത്താതിരിക്കുകയോ, വകയിരുത്തുകയാണെങ്കിൽ കൂടി തുക വകമാറ്റി നൽകാതിരിക്കുകയോ ചെയ്യുന്നത് അഗതികളോട് ഗ്രാമപഞ്ചായത്ത് അധികൃതർ പുലർത്തുന്ന അവഗണനയായി മാത്രമേ കാണാൻ കഴിയൂ.

അഗതിരഹിതകേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്തും, സി.ഡി.എസും. സത്വരനടപടി സ്വീകരിക്കേണ്ടതും, വാർഷിക പദ്ധതിയിൽ വ്യക്തിഗത ആനുകൂല്യം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ആശ്രയ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-23 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം- പ്രവർത്തനസജ്ജമായിട്ടില്ല-

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി ഹരിതകേരളമിഷനും, ശുചിത്വമിഷനും ചേർന്ന് കെൽട്രോണുമായി സഹകരിച്ച് നടപ്പാക്കുന്ന സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പദ്ധതിയിൽ (നം.172/22) ഹരിതകർമ്മസേനാംഗങ്ങൾക്കുള്ള മൊബൈൽഫോണിൽ ഹരിതമിത്രം മൊബൈൽ ആപ്പ് ഇൻസ്റ്റാൾ ചെയ്യൽ, ആയതിന്റെ പ്രവർത്തനം സംബന്ധിച്ച പരിശീലനം നൽകൽ, ക്യൂ ആർ കോഡ് നൽകൽ, ഓഫീസിൽ ലാപ്ടോപ് നൽകൽ, ഹരിതകർമ്മസേനയുടെ പ്രവർത്തനം മോണിറ്റർ ചെയ്യൽ എന്നിവയാണ് വിഭാവനം ചെയ്തിരിയ്ക്കുന്നത്. സെക്രട്ടറി നിർവ്വഹണം ചെയ്ത ഈ പദ്ധതിയിൽ തൻവർഷം പദ്ധതിയുടെ പ്രാരംഭനടപടികളുടെ ഭാഗമായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 142900/- രൂപ (ബിൽ നം. 380/21-03-22) കെൽട്രോണിലേയ്ക്ക് അടച്ചിട്ടുണ്ട്. കെൽട്രോൺ നൽകിയിരിയ്ക്കുന്ന പ്രൊഫോമ ഇൻവോയ്സ് പ്രകാരം സർവ്വീസ്, എസ്എംഎസ് ചാർജിനത്തിലാണ് തുക നൽകിയിരിയ്ക്കുന്നത്. തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം12/12.01.2023) 2022-23 വർഷം ഹരിതകർമ്മസേനാംഗങ്ങൾക്ക് മൊബൈൽ ആപ്പ്, ക്യൂ ആർ കോഡ് എന്നിവയുടെ ഉപയോഗം സംബന്ധിച്ച പരിശീലനം നൽകൽ, ക്യൂ ആർ കോഡ് എൻറോൾമെന്റ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ടെന്നും, ലാപ്ടോപ്പ് വാങ്ങി നൽകുന്നതാണെന്നും മറുപടി നൽകി. തൻവർഷം പ്രാരംഭ നടപടികൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത് എന്നതിനാലും പദ്ധതി പൂർണ്ണമായും

പ്രവർത്തനസജ്ജമായിട്ടില്ല എന്നതിനാലും തൻവർഷത്തെ 142900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24(എ) മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പിലാക്കിയ കോവിഡ് പ്രതിരോധ പ്രവർത്തനം-മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ-ടി പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ച തുകയുടെ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 97/22 |
| അടങ്കൽ | 500,000 |
| ചെലവ് | 244504 |

ബിൽ നമ്പർ 04/21-22/02.06.21 പ്രകാരം 172594 രൂപ മരുന്ന് വാങ്ങലിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ടി തുകയിൽ 24182 രൂപയുടെ മരുന്നുകൾ ലഭിക്കുവാനുണ്ട്. മരുന്നുകൾ പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യത്തിൽ 24182 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24(ബി) ഹോമിയോ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല

| അടങ്കൽ | ചെലവ് |
|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)- 200000- | 200000-<br>Bill No-391/23-03-22 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതി (നം. 11/22) പ്രകാരം മരുന്ന് വാങ്ങുന്നതിനായി ഹോംകോ ആലപ്പുഴയ്ക്ക് 200000/- രൂപ അടച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 നിക്ഷേപ പ്രവൃത്തികൾ- വിനിയോഗവിവരം ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിട്ടി തിരുവല്ലയിലേയ്ക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി, തിരുവല്ല | 171/22 വാട്ടർ അതോറിട്ടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 399/25-03-22 | 1068028- | 0 | 1068028- |
| ,, | 162/22 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ അധികവിഹിതം നൽകൽ | 379/21-03-22 | 278100- | 0 | 278100- |

മേൽ തുകയിൽ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭിയ്ക്കാത്തതിനെ തുടർന്ന് പദ്ധതി നടപ്പാക്കാനാവില്ല എന്ന സാഹചര്യം വന്നതിനാൽ കങ്ങഴ-മരുളൂർപ്പടി റോഡിൽ പൈപ്പ് ലൈൻ

എക്സ്റ്റൻഷന് വേണ്ടി നൽകിയ 1068028/- രൂപ, വാട്ടർ അതോറിട്ടിയോട് തിരികെ ആവശ്യപ്പെടുകയും ലഭിച്ച തുക 28-10-22 ലെ 1220000304 നം. രസീത് മുഖേന തനതുഫണ്ടിലേക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട്. ജൽജീവൻ മിഷന് വേണ്ടി ഈ തുക വിനിയോഗിയ്ക്കാനാവുമെന്ന ഉദ്ദേശത്തിലാണ് തുക തനതുഫണ്ട് അക്കൗണ്ടിലേയ്ക്ക് അടവാക്കിയിട്ടുള്ളത്. സർക്കാർ അനുമതിയോടെ മാത്രം ടി തുക വിനിയോഗിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭിയ്ക്കാത്തതിനാൽ പ്രോജക്ട് നം. 162/22 പ്രകാരമുള്ള 278100/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പൊതുഅപാകതകൾ

രേഖകളുടെ പരിശോധന- ഓഡിറ്റ് നിരീക്ഷണങ്ങൾ

1. സ്കിൽഡ് , സെമി സ്കിൽഡ് തൊഴിലാളിയുടെ മസ്റ്റർറോളിൽ രേഖപ്പെടുത്തൽ വരുത്തുന്നില്ല .

2.കാലിതൊഴുത്ത്, ആട്ടിൻ കൂട്, കോഴിക്കൂട്, കിണർ നിർമ്മാണം തുടങ്ങിയ അവിദഗ്ദ്ധ _ വിദഗ്ദ്ധ തൊഴിൽ ആവശ്യമുള്ള പദ്ധതികളിൽ ഒരേ തൊഴിലാളികൾക്ക് തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവർത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി വേതനം അനുവദിക്കുന്നു.

3.മിക്ക നിർമ്മാണ പ്രവൃത്തികളിലും 40mm, 20mm,10mm മെറ്റൽ, സിമന്റ് തുടങ്ങിയവ വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ സാമഗ്രികളുടെ ബില്ലുകൾ /ഇൻവോയ്സുകൾ ഫയലുകളിൽ ഇല്ല. സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിന്റെയും സാധനങ്ങൾ കൈപ്പറ്റുന്ന മെയ്റ്റ്മാരുടെ കൈപ്പറ്റ് രസീതുകളുടെയും അഭാവത്തിൽ സാധനങ്ങളും സാമഗ്രികളും കൃത്യമായ അളവിൽ സംഭരിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിന് തടസ്സം സൃഷ്ടിക്കുന്നു.

4. നിർമ്മാണ പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.2012-ലെ സർക്കാർ ഉത്തരവ് (കൈ) 93/2012/ത.സ്വ.ഭ.വ. ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിയ്ക്കുന്നില്ല.

മേൽ നിരീക്ഷണങ്ങൾ ഭരണ സമിതി, വികസന സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവരുടെ ശ്രദ്ധയ്ക്കും തുടർ നടപടികൾക്കുമായി കൊണ്ടുവരുന്നു.

## 1-27 തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്ക് അനുവദിക്കുന്നു

പൊതു/വ്യക്തിഗത ആസ്തി നിർമ്മാണ പ്രവർത്തികൾക്ക് സെക്യൂർ സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ പോർട്ട് ലാന്റ് സിമന്റിന് ഒരു ടണ്ണിന് 11600/- രൂപയാണ് (50 കിലോഗ്രാമിന്റെ ഒരു ചാക്കിന് 580രൂപ) അനുവദിച്ചു നൽകിയിട്ടുള്ളത്. സിമന്റ് വില ഏറ്റവും കൂടുതൽ വന്നപ്പോഴും, പരമാവധി മാർക്കറ്റ് വില ഒരു ചാക്കിന് 400-425/- രൂപ മാത്രമായിരുന്നു. 2021-22 വർഷം എത്ര പ്രവൃത്തികൾക്ക് സിമന്റിന് മാർക്കറ്റ് റേറ്റിനേക്കാൾ അധികം തുക നൽകി/നൽകാനുണ്ട് എന്നും അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.01/06.01.23) നെടുമണ്ണി വേങ്ങലപ്പള്ളി കാരുവേലി റോഡ് കോൺക്രീറ്റിംഗ് (RC/362650) എന്ന പ്രവൃത്തിക്ക് ഇപ്രകാരം തുക നല്കി എന്ന് മറുപടി നല്കി. തൻവർഷം നടപ്പാക്കിയ മറ്റു പ്രവൃത്തികളുടെ തുക നല്കിയിട്ടില്ല എന്നും അറിയിച്ചു. ഇപ്രകാരം സിമന്റിന് ഉയർന്ന നിരക്കിൽ വില അനുവദിച്ച് നൽകിയത് മൂലം അധിക ചെലവുണ്ടായ നെടുമണ്ണി വേങ്ങലപ്പള്ളി കാരുവേലി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയുടെ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ വർക്ക് കോഡ്/ കരാറുകാരൻ/ എം. ബുക്ക് നമ്പർ | ഉപയോഗിച്ച സിമന്റിന്റെ അളവ് | ഒരു ചാക്കിന് 580 രൂപ നിരക്കിൽ നൽകിയ തുക | ഒരു ചാക്കിന് 450 രൂപ നിരക്കിൽ നൽകിയാൽ പോലും | അധികം നൽകിയത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | അനുവദനീയമായ തുക | |
| 1. | വാർഡ്-9-നെടുമണ്ണി വേങ്ങലപ്പള്ളി കാരുവേലി റോഡ് കോൺക്രീറ്റിംഗ് (RC/362650) ശ്രീകൺസ്ട്രക്ഷൻ 96/21-22 | 373ചാക്ക് | 216340 | 167850 | Rs-48490/- |

2022-23 കാലയളവിൽ അനേകം പ്രവൃത്തികൾക്ക് ഇത്തരത്തിൽ തുക അധികം നൽകിയിട്ടുണ്ട്. നിലവിൽ സെക്യൂർ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ പോർട്ട് ലാന്റ് സിമന്റിന് ഒരു ടണ്ണിന് 12288/- രൂപയാണ് (50 കിലോഗ്രാമിന്റെ ഒരു ചാക്കിന് 614.40 രൂപ) അനുവദിച്ച് നൽകിയിട്ടുള്ളത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്തിൽ പരാമർശിക്കും പ്രകാരം ആലപ്പുഴ ജില്ലാ ഓംബുഡ്സ് മാന്റെ 08-07-22 ലെ OMB/ALP/AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ച മാത്രമേ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇനി തുക അനുവദിക്കുവാനുള്ള പ്രവൃത്തികളിലും തുടർന്ന് ഏറ്റെടുക്കുന്ന പ്രവർത്തികളിലും മേൽ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സിമന്റിന്റെ വില അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-28 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിയില്ല

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം. 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടയ്ക്കേണ്ടതുണ്ട്. 30.07.2019 ലെ സർക്കുലർ നം. 957/ഇ ജി എസ് സി /16/ആർ ഇ ജി എസ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ കൂടുതാലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. കൂടാതെ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടയ്ക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം, | മെറ്റീരിയൽസിന് നൽകിയ തുക | ഈടാക്കേണ്ട GST (2%) | ഈടാക്കേണ്ട ആദായനികുതി (1%) |
|---|---|---|---|---|
| 1 | മുളയംവേലി തെങ്ങുംപള്ളി | 300695 | 6012 | 3006 |

| | | | | |
|---|---|---|---|---|
| | നാരകച്ചാൽ റോഡ് കോൺക്രീറ്റിംഗ് | | | |
| 2 | ശാസ്താം കാവ് മ്ലാമല റോഡ് കോൺക്രീറ്റിംഗ് | 347061 | 6940 | 3470 |
| 3 | കിടിത്തറ ചെമ്പന്നൂർപടി റോഡ് കോൺക്രീറ്റിംഗ് | 361904 | 7238 | 3619 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (01/06-01-2023) മറുപടിയായി ക്രമ നമ്പർ 2, 3 എന്നിവയിൽ സൂചിപ്പിച്ച കരാറുകാരിൽ നിന്ന് ജി.എസ്.റ്റി. തുക പഞ്ചായത്തിൽ അടവാക്കി രസീത് ലഭ്യമാക്കി. എന്നാൽ ഈടാക്കേണ്ട ആദായനികുതി സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല.

ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ളത് 30000/- രൂപയ്ക്കു മേലുള്ള കരാർ പ്രവൃത്തികൾക്ക് 1% ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്യണമെന്നാണ്. മെറ്റീരിയൽ സപ്ലൈ എന്നത് ഒരു കരാർ പ്രവൃത്തിയാണ്. ആയതിനാൽ പ്രസ്തുത സെക്ഷൻ പ്രകാരം ഒറ്റ തവണ ഒരു കോൺട്രാക്ടർക്ക് 30000/- രൂപയിൽ അധികം നല്കുമ്പോഴോ ഒരു സാമ്പത്തിക വർഷം നല്കുന്ന ആകെ തുക 1,00,000/- രൂപ കവിയുമ്പോഴോ ടിയാളിൽ നിന്നും 1% ആദായ നികുതി ഈടാക്കേണ്ടതാണ്. ആയതിനാൽ കർശനമായും ഇനിയുള്ള പ്രവൃത്തികളിൽ നിന്നും 1% ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കേണ്ടതാണ് .

30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൗകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടയ്ക്കണമെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അങ്ങനെ അടയ്ക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ക്രമ നമ്പർ 1 ൽ സൂചിപ്പിച്ച കരാറുകാരനിൽ നിന്ന് കൂടി ജി.എസ്.റ്റി. തുക ഈടാക്കി സർക്കുലർ പ്രകാരം തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 GI പോൾ സ്ഥാപിക്കൽ - റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ് , വാടക എന്നിവ ഈടാക്കിയില്ല- 30165 രൂപ നഷ്ടം .

ജിയോ ഡിജിറ്റൽ ഫൈബർ പ്രൈ. ലിമിറ്റഡിന്റെ 07-01-22 ലെ കത്തിലെ (RJIL/OFC/ROW/KL/ NLD/C-19/LM//Kottayam/Nedumkunnam/817) അപേക്ഷയനുസരിച്ച് മാന്തുരുത്തി-CSI ചർച്ച് റോഡിന്റെ ഇടത് വശത്ത് കൂടി 450മീറ്റർ നീളം, 1.65 മീറ്റർ ആഴത്തിലും 0.30 മീറ്റർ വീതിയിലും ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് അനുമതി തേടിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ PWD Roads ചീഫ് എഞ്ചിനീയറുടെ 30/03/2019 ലെ CE/R&B/GL-RC/2/2019 നം. സർക്കുലർ പ്രകാരം പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തുക 1108372 രൂപ നിശ്ചയിച്ച് നൽകുകയും പ്രസ്തുത തുക ടി സ്ഥാപനം ഒടുക്കു വരുത്തുകയും ചെയ്തു .

ഓഡിറ്റ് വേളയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ 9 GI പോൾ

കൂടി പ്രസ്തുത പാതയിൽ ഇരുവശത്തുമായി നിയമാനസൃത ഫീസ് ഒടുക്കാതെ സ്ഥാപിച്ചതായി കാണാൻ കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ്, വാടക (GO(Rt)89/2020/ PWD/23.1.20 എന്ന ഉത്തരവ് പ്രകാരം) എന്നിവ പഞ്ചായത്തിന് ലഭിക്കേണ്ടതായിരുന്നു. പഞ്ചായത്തിന് ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| | |
|---|---|
| കട്ട് ചെയ്ത റോഡിന്റെ ഇനം | കോൺക്രീറ്റ് റോഡ് |
| കട്ട് ചെയ്ത ഒരു Pit ന്റെ നീളം | .60 M |
| കട്ട് ചെയ്ത ഒരു Pit ന്റെ വീതി | .60 M |
| ആകെ Pits ന്റെ എണ്ണം<br>(9 പോളുകൾ ) | 9 |
| റെസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിനുള്ള ഒരു Pit ന്റെ വിസ്തീർണ്ണം | $.60*.60*1.5 = .54\ M^2$ (റെസ്റ്റോറേഷൻ വിഡ്ത് ട്രഞ്ച് വിഡ്തിന്റെ 1.5 മടങ്ങായിരിക്കണം എന്ന് മേൽ സർക്കുലറിൽ സൂചിപ്പിച്ചിട്ടുണ്ട് ) |
| റെസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിനുള്ള ആകെ Pit ന്റെ വിസ്തീർണ്ണം | $.54 * 9 = 4.86\ M^2$ |
| കോൺക്രീറ്റ് റോഡിന്റെ റെസ്റ്റോറേഷൻ ചാർജ്ജ് | $5473.44\ /\ M^2$ |
| ആകെ Pits ന്റെ റെസ്റ്റോറേഷൻ ചാർജ്ജ് | 5473.44 * 4.86 = 26601 രൂപ<br>[ റെസ്റ്റോറേഷൻ ചാർജ്ജ് - 22543<br>CGST-2029<br>SGST- 2029 ] |
| പോളുകൾ സ്ഥാപിക്കുന്നതിനുള്ള വാർഷിക വാടക | 360 / Each |
| പോളിന്റെ വാർഷിക വാടക | 360 * 9 = 3240 / Year |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | 324 ( വാടകയുടെ 10% ) |

മേൽ സൂചിപ്പിച്ച കണക്കുകൾ എഞ്ചിനീയറിഗ് വിഭാഗത്തിന്റെ സഹായത്തോടെ ഉറപ്പ് വരുത്തി റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ് , വാടക , സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിലായി ലഭിക്കേണ്ട തുക ഈടാക്കാൻ നടപടി സ്വീകരിക്കണം എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 03/10.01.23) മേൽ സൂചിപ്പിച്ച കണക്കുകൾ പരിശോധിച്ച് ഉറപ്പ് വരുത്തി തുക ഈടാക്കാൻ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകി. റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ്, വാടക, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിലായി ലഭിക്കേണ്ട ആകെ തുകയായ 30165 രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 31/05/2022-ലെ 1/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ കത്ത് മുഖേനയും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 06/01/2023 തീയതിയിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2021-22 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2021-22 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ | 2021-22 | 100000 | ഫലവൃക്ഷത്തൈ വിതരണം (149/22) | 100000 | 0 |
| | | 99487 | പാലിയേറ്റീവ് കെയർ(29/22) | 99487 | 0 |
| | | 15842 | ലൈഫ് മിഷൻ ഭവന നിർമ്മാണം പട്ടികജാതി (110/22) | 15842 | 0 |
| | | 800000 | ലൈഫ് മിഷൻ ഭവന നിർമ്മാണം മൂന്നാംഘട്ടം (111/22) | 800000 | 0 |
| | | 628000 | ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ (114/22) | 628000 | 0 |
| | | 660000 | ലൈഫ് മിഷൻ ഭവന നിർമ്മാണം പട്ടികജാതി (സ്പിൽ ഓവർ) (113/22) | 660000 | 0 |
| | | 100000 | ഭിന്നശേഷി | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് (55/22) | | |
| | | 100000 | അങ്കണവാടി പോഷകാഹാരം (53/22) | 100000 | 0 |
| | | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (40/22) | 200000 | 0 |
| | | 350000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (സ്പിൽ ഓവർ) (119/22) | 350000 | 0 |
| | | 31912 | ജനകീയ ഹോട്ടൽ (86/22) | 31912 | 0 |
| ആകെ | | 3085241 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3085241 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2021-22 | 2940000 | ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ (114/22) | 2940000 | 0 |
| | | 1160000 | ലൈഫ് മിഷൻ ഭവന നിർമ്മാണം പട്ടികജാതി (113/22) | 1160000 | 0 |
| | | 500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (40/22) | 500000 | 0 |
| ആകെ | | 4600000 | ജില്ലാ പഞ്ചായത്ത് വിഹിതം | 4600000 | 0 |

വാർഷിക കണക്കും മേൽ പട്ടികയിലെ ബ്ലോക്ക് വിഹിതം തുകയും തമ്മിലുള്ള 7241 രൂപയുടെ വ്യത്യാസം വിശദീകരിച്ചില്ല. ആയത് പൊരുത്തപ്പെടുത്തി അറിയിക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2021-22 വർഷത്തിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് സെക്രട്ടറി നടപ്പാക്കിയ 2 പ്രോജക്ടുകൾ പ്രകാരം വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം പ്രോജക്ട് തിരിച്ച് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ അധിക വിഹിതം നൽകൽ(162/22) | 278100 | 0 | 278100 |

| | | | | |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (171/22) | 1068028 | 0 | 1068028 |

പ്രസ്തുത തുകയുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല . ടി വിവരം വാർഷിക കണക്കുകളുടെ അപാകതയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

2021-22 ൽ മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത ലോൺ തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക മുതൽ | തൻവർഷം തിരിച്ചടച്ച തുക പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ ഉ സാധാ 6105/19 ഫിൻ തീയതി 01.08.2018 | 7399225 | 940000 | 8339225 | 1896460 | 0 | 6442765 |

വികസന ഫണ്ട് (General)ന്റെ അലോട്ട്മെന്റിൽ നിന്ന് 1896460 രൂപ സ്രോതസ്സിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്.

നെടുംകുന്നം ഗ്രാമപഞ്ചായത്ത് നാളിതുവരെ ലൈഫ് മിഷൻ ഭവനപദ്ധതി വഴി പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി ഭവനനിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും വായ്പ എടുത്തിട്ടില്ല. എന്നാൽ 2021-22 ൽ വികസന ഫണ്ട് -എസ്.സി.പി അനുവദിച്ചപ്പോൾ വായ്പാ തിരിച്ചടവ് ഇനത്തിൽ 332874 രൂപ സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. മാത്രമല്ല കുറവ് ചെയ്ത തുക ഒരു വായ്പ തിരിച്ചടവിന്റേയും ഭാഗം ആക്കിയിട്ടുമില്ല ( വിശദ വിവരം ഖണ്ഡിക 1-16 ൽ സൂചിപ്പിച്ചിട്ടുണ്ട് ).

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2146984 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ വരവ് | 151519 |
| ആകെ | 2298503 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2298503 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ രജിസ്റ്റർ/ FD സർട്ടിഫിക്കറ്റ് പ്രകാരമുള്ള

വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | ബാങ്കിന്റെ പേര് | എഫ്.ഡി.നം | വർഷാരംഭത്തിലുണ്ടായിരുന്ന തുക | വർഷാവസാനം തുക |
|---|---|---|---|---|
| സ്ഥിര നിക്ഷേപം | നെടുംകുന്നം റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.286 | 0633/17.10.20 | 632768 | 678644 |
| | നെടുംകുന്നം സൗത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് 1271 | 882/17.10.16 | 686555 | 736330 |
| | നെടുംകുന്നം സൗത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് 1271 | 722/17.2.17 | 413830 | 441764 |
| | നെടുംകുന്നം റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.286 | 15016/16.2.17 | 413831 | 441765 |
| ആകെ | | | 2146984 | 2298503 |

വാർഷിക കണക്ക് B-12 ഷെഡ്യൂൾ പ്രകാരം വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപമായി സൂചിപ്പിച്ചിരിക്കുന്ന തുകയും (2301407 രൂപ) ഓഫീസിലെ രജിസ്റ്റർ/ FD സർട്ടിഫിക്കറ്റ് എന്നിവയിലെ തുകയും (2298503 രൂപ) തമ്മിൽ 2904 രൂപയുടെ വ്യത്യാസം ഉണ്ട്. ആയത് പൊരുത്തപ്പെടുത്തേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 22337 രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം.& തീയതി |
|---|---|---|---|---|
| 2014-15 | 3-1 | 3794 | മറിയാമ്മ ജോർജ് | 1220101867/ 28.02.2022 |
| 2015-16 | 2-4 | 17500 | സെൻറ് ജോൺസ് ദി ബാപ്റ്റിസ് കോളേജ് ഓഫ് എഡ്യൂക്കേഷൻ | 1210101838/ 22.10.2022 |
| 2015-16 | 2-7 | 793 | ജയദേവൻ | 1210102818/ 02.12.2022 |
| 2016-17 | 2-5 | 250 | മറിയാമ്മ മൈക്കിൾ | 1210100339/ 11.05.2021 |
| ആകെ | | 22337 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-4 | 2012-13 | 4-4-1 | പൊങ്ങൻപാറ ജലസേചന പദ്ധതി- ആവിഷ്കരണത്തിൽ അപാകത -തുക പാഴ്ചെലവായി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-3 | 2016-17 | അനുബന്ധം 3 | വസ്തുനികുതി | ,, |
| 2014-15 | 2-8 | 2016-17 | അനുബന്ധം 4 | തൊഴിൽനികുതി | ,, |
| 2015-16 | 2-4, 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | ,, |
| 2019-20 | 1-30 | 2020-21 | അനുബന്ധം 2 | മെഡിക്കൽ ഓഫീസറുടെ പദ്ധതികൾ | ,, |

## 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ചാർജ് /സർചാർജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ | | 112949964 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 81809437 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 30165 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1465182 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 30165 | -- | ശ്രീ സജിത്ത് റ്റി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 750000 | ഡോ. മായാ ജെയിംസ്, വെറ്ററിനറി സർജൻ |
| 1-20 | 70000 | ശ്രീമതി ലൈലാമോൾ വർഗ്ഗീസ്, വി.ഇ.ഒ. |
| 1-23 | 142900 | ശ്രീ. സജിത്ത് റ്റി., സെക്രട്ടറി |
| 1-24(എ) | 24182 | ഡോ. രാജേഷ് എബ്രഹാം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-24(ബി) | 200000 | ശ്രീ. സജിത്ത് റ്റി., സെക്രട്ടറി |

| | | |
|---|---|---|
| 1-25 | 278100 | ശ്രീ. സജിത്ത് റ്റി., സെക്രട്ടറി |
| ആകെ | 1465182 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സജിത്ത് റ്റി., സെക്രട്ടറി | സെക്രട്ടറി, നെടുംകുന്നം ഗ്രാമ പഞ്ചായത്ത് | സജിത്ത് ഭവൻ, ചാന്നാനിക്കാട് പി.ഒ., കോട്ടയം |

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2009-10 | കെ.എസ്.എ-കെ.ടി.എം. പി5-1549/2016(7)/ 30.12.17 | 1 |
| 2012-13 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1873(6)/22, 27.08.2022 | 1 |
| 2013-14 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1873(4)/22, 27.08.2022 | 3 |
| 2014-15 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1873(7)/22, 27.08.2022 | 7 |
| 2015-16 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)482(9)/22, 05.08.2022 | 5 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1182(10)/22, 27.08.2022 | 2 |
| 2017-18 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1873(9)/22, 27.08.2022 | 1 |
| 2018-19 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1873(11)/22, 27.08.2022 | 1 |
| 2019-20 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1873(12)/22, 27.08.2022 | 1 |
| 2020-21 | കെ.എസ്.എ-കെ.ടി.എം-പി.5/1362/22, 22.11.22 | 26 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്